**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1124** **11-02-2025 - ൽ മറുപടിയ്ക്ക്**

**മറൈൻ ആംബുലൻസ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ആരോഗ്യസേവനം ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച മറൈൻ ആംബുലൻസ് സർവീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ഓഖി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളി കൾക്ക് അടിയന്തിര രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യവുമായിട്ടാണ് മറൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലായി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ 3 മറൈൻ ആംബുലൻസുകൾ പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ് യാർഡ് മുഖേന ടി 3 ആംബുലൻസുകൾ നിർമ്മിച്ച് പ്രവർത്തിപ്പിച്ച് വരുന്നു. മൊബൈൽ മോർച്ചറി, ബെഡുകൾ, അത്യാവശ്യ മരുന്നുകൾ മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ മറൈൻ ആംബുലൻസുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) | ഉണ്ട്.<br><br>ഓഖി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യവുമായിട്ടാണ് മറൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലായി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ 3 മറൈൻ ആംബുലൻസുകൾ പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ് |

| | | | |
|---|---|---|---|
| | | | യാർഡ് മുഖേന ടി 3 ആംബുലൻസുകൾ നിർമ്മിച്ച് പ്രവർത്തിപ്പിച്ച് വരുന്നു. മൊബൈൽ മോർച്ചറി, ബെഡുകൾ, അത്യാവശ്യ മരുന്നുകൾ മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ മറൈൻ ആംബുലൻസുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ